കളക്ടർക്ക് ലാന്റ് ട്രാൻസ്ഫറിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. ആയതിലേക്ക് സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും മൂടാടി വില്ലേജ് ആഫീസറിൽനിന്ന് ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ആഫീസിലെ B/399/13 നമ്പർ ഫയൽ വഴി നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സംബന്ധിച്ച് കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർ മൂടാടി വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തടസ്സമൊന്നുമില്ല. വസ്തു അളന്ന് തിട്ടപ്പെടുത്തി എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതരായ കുട്ടികൾക്ക് നൽകുന്ന സ്കോളർഷിപ്പ്

220 (5574) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഈ ഇനത്തിൽ എത്ര കുട്ടികൾക്ക് ഇതുവരെ എന്ത് തുക നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോ എങ്കിൽ എത്ര ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) പ്രസ്തുത കുടുംബങ്ങളിലെ അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളേയും മേൽ പദ്ധതിൽ ഉൾപ്പെടുത്തി സഹായം നൽകുന്നതിന് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ട്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ ബഡ്സ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കും 1 മുതൽ 7-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്കും 2,000 രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 3,000 രൂപ വീതവും 11, 12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 4,000 രൂപ വീതവും ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം ടി പദ്ധതിയിലൂടെ നൽകിവരുന്നു.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയിലൂടെ 2011-12 അദ്ധ്യയനവർഷം 2563 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി 65,50,025 രൂപയും 2012-2013 അദ്ധ്യായന വർഷം 2521 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി 66,86,450 രൂപയും 2013-14 അദ്ധ്യയന വർഷം 2698 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന തിനായി 67,59,900 രൂപയും 2014-15 അദ്ധ്യയനവർഷം 2334 കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്നതിനായി 68,52,300 രൂപയും ചെലവഴിച്ചിട്ടുണ്ട്. 2015-16-ലെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ ഇനത്തിൽ കുടിശ്ശിക നൽകുവാനില്ല.

(ഡി) പരിഗണനയിലില്ല.

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പഠനത്തിൽ ഇളവ്

221 (5575) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. ബി. അബ്ദുൾ റസാക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ പഠനവുമായി ബന്ധപ്പെട്ട് ഇളവുകളും, സഹായങ്ങളും ഉൾപ്പെടെ എന്തൊക്കെ സൗകര്യങ്ങൾ നല്കുന്നുണ്ടെന്നു വിശദമാക്കുമോ ;

(ബി) ബധിര-മൂക വിദ്യാർത്ഥികൾക്ക് സാങ്കേതിക പഠനത്തിലും, തൊഴിൽ പഠനങ്ങളിലും നിലവാരം പുലർത്താനാവുന്നുണ്ടെങ്കിലും, ഭാഷാപഠനം അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതു പരിഗണിച്ച് ഭാഷാ പരീക്ഷയിൽ എന്തെങ്കിലും ഇളവു നല്കാറുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ;

(സി) ഇത്തരം വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്ന കാര്യത്തിൽ അദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും കണക്കിലെടുത്ത് അവരുടെ സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly